(ഇ) ഇഞ്ചി, മഞ്ഞൾ എന്നിവയുടെ ഉല്പാദനക്ഷമതയിൽ നേരിയ കുറവ് വന്നിട്ടുണ്ട്.

(എഫ്) ഉണ്ട്. വിളകളുടെ വിസ്തൃതിയും ഉല്പാദന-ഉല്പാദനക്ഷമതയും കുറഞ്ഞുവരുന്നത് തടയാൻ ലക്ഷ്യമിട്ട് കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്കായി 2004-2005 സാമ്പത്തിക വർഷത്തിൽ വിവിധ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് 104.61 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ഡോ. സ്വാമിനാഥൻ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ ജൈവകൃഷി പദ്ധതി

68 [2037] ശ്രീ. വി. ചെന്താമരാക്ഷൻ:
,, എം. വി. ജയരാജൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, വി. കെ. സി. മമ്മത്കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. സ്വാമിനാഥൻ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ ജൈവകൃഷിക്ക് പുതിയ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം കൃഷികൾ ഏതെല്ലാം പ്രദേശങ്ങളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു;

(ഡി) ഇതിനായി കൃഷിവകുപ്പ് എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ഇ) ഡബ്ലിയു. ടി. ഒ. കരാർ പ്രകാരം 2005-ഓടുകൂടി ജൈവ കാർഷികോല്പന്നങ്ങൾ മാത്രമേ കയറ്റുമതി ചെയ്യാവൂ എന്ന വ്യവസ്ഥ പാലിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൈവകൃഷി പ്രോത്സാഹനത്തിനായി ഒരു പദ്ധതി തയ്യാറാക്കി. അതിനായി 100 ലക്ഷം രൂപ വകയിരുത്തി. ജൈവകുരുമുളക് ഉല്പാദിപ്പിക്കുന്നതിന് കുരുമുളക് വികസന പദ്ധതി വയനാട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിൽ 1500 ഹെക്ടർ സ്ഥലത്തായി നടത്തിവരുന്നു. ജൈവകൃഷിയിലൂടെ ശീതകാല പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് 100 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി 10 ലക്ഷം രൂപ ധനസഹായമായി നൽകുന്നു. വയനാട് ജില്ലയിൽ ജീരകശാല, ഗന്ധകശാല എന്നീ

LIBRARY ARCHIVES Kerala Legislative Assembly

നെല്ലിനങ്ങൾ ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്നതിന് 5.50 ലക്ഷം രൂപയും നെല്ലിന്റെ പൊക്കാളി കൃഷി പൂർണ്ണമായും ജൈവകൃഷി രീതിയിൽ നടപ്പിലാക്കുന്നതിനായി 24 ലക്ഷം രൂപയും നീക്കിവച്ചിരിക്കുന്നു.

(സി) മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കുപുറമെ 100 ഹെക്ടർ സ്ഥലത്ത് വാനില, 150 ഹെക്ടറിൽ ഇഞ്ചി, 282.50 ഹെക്ടറിൽ മഞ്ഞൾ, 200 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറി കൃഷി എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ഡി) ജൈവ കൃഷിയുടെ പ്രോത്സാഹനത്തിനായി ഒരു പദ്ധതി തയ്യാറാക്കി. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തി. ജൈവകൃഷി, ജൈവകൃഷിയെക്കുറിച്ചുള്ള പരിശീലനം, അവയുടെ വ്യാപനം, പ്രോത്സാഹനം എന്നിവയാണ് ഇതിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി എല്ലാ ജില്ലകളിലും "ഇക്കോഷോപ്പുകൾ" തുടങ്ങുന്നതിനും ലക്ഷ്യമിടുന്നു. ഈ പദ്ധതി പ്രകാരമുള്ള പരിശീലന പദ്ധതിയിൽ ജൈവകൃഷി രീതികൾ, മാർഗ്ഗങ്ങൾ, നേട്ടങ്ങൾ, ജൈവവളനിർമ്മാണം, ബയോ ഡൈനാമിക് ഉല്പന്നങ്ങളുടെ നിർമ്മാണം, ജൈവ കീടനാശിനി നിർമ്മാണം, ജൈവകീട നിയന്ത്രണ മാർഗ്ഗങ്ങൾ, ജൈവ ഉല്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ രീതികൾ, സർട്ടിഫിക്കേഷൻ റഗുലേഷനുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഇ) ജൈവകാർഷികോത്പന്ന കയറ്റുമതി മുന്നിൽ കണ്ടുകൊണ്ട് ജൈവ കൃഷി പ്രോത്സാഹനത്തിനായി കൃഷി വകുപ്പ് ഒരു "ഓർഗാനിക് ഫാമിംഗ് സെൽ" രൂപീകരിച്ച് വയനാട് ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. കൃഷി വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തുകയും, നെല്ലിയാമ്പതിയിൽ വച്ച് ഒരു ദ്വിദിന വർക്ക്ഷോപ്പ് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ "ജൈവ കേരളം പോളിസി" തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ഡോ. എം. എസ്. സ്വാമിനാഥൻ റിപ്പോർട്ട്

69 [2038] ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകവ്യാപാര ഉടമ്പടി കേരളത്തിന്റെ കാർഷിക മേഖലയെ ഏതെല്ലാം തരത്തിൽ സ്വാധീനിക്കുന്നു എന്നത് സംബന്ധിച്ച് ലോകപ്രശസ്ത കൃഷിശാസ്ത്രജ്ഞൻ ഡോ. എം. എസ്. സ്വാമിനാഥൻ സംസ്ഥാന ഗവൺമെന്റിന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതിന്മേൽ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ അതിന്റെ അന്തിമ റിപ്പോർട്ട് 2003 ജനുവരി മാസം നൽകുകയുണ്ടായി.

(ബി) പകർപ്പ് ഇതോടൊപ്പം മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly